Draft #13 of File 2185/AD A3/1/2019/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 01-Jan-2020 03:02 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

ജീവനക്കാര്യം: ക്ലറിക്കൽ അസിസ്റ്റൻറ് - സ്ഥാനക്കയറ്റം, തസ്തിക ക്രമപ്പെടുത്തൽ, സ്ഥലം മാറ്റം എന്നിവ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 18/AD A 3/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 01.01.2020

---

പരാമർശം:-1. ശ്രീ.റിയാസ്.കെ.എസ് 01.01.2020 മുതൽ 31.01.2020 വരെ അവധി ദീർഘിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ.
2. യു.ഒ.നം. 4982/AD A3/2019/എം.ജി.യു. തീയതി 18.10.2019.
3. 15/10/2017 ലെ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
4. മഹാത്മാഗാന്ധി സർവകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997-ലെ അദ്ധ്യായം 4 ഭാഗം 2, ചട്ടം10 (1)

## ഉത്തരവ്

ശ്രീ.മോഹനകുമാർ കെ ആർ (എ.സി.സി.സെക്ഷൻ 1 ), ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും 31.12.2019 അപരാഹ്നത്തിൽ സേവനത്തിൽ നിന്നും വിരമിച്ചതുമൂലവും ശൂന്യ വേതന അവധിയിൽ ഉള്ള ക്ലറിക്കൽ അസിസ്റ്റന്റ് ശ്രീ.റിയാസ്.കെ .എസ് 01.01.2020 മുതൽ 31.01.2020 വരെ അവധി ദീർഘിപ്പിക്കുന്നതിനു മേൽ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ 01.01.2020 പ്രാബല്യത്തിൽ രണ്ടു ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. ശ്രീ റിയാസ് കെ എസ് , ക്ലറിക്കൽ അസിസ്റ്റന്റ്-നു 17.09.2019 മുതൽ 31.12.2019 വരെ 106 ദിവസത്തെ ശൂന്യവേതന അവധി അനുവദിച്ചതിനെത്തുടർന്നു 17.09.2019 പ്രാബല്യത്തിൽ നിലവിൽ വന്ന ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ഉൾപ്പെടുത്തി ശ്രീ.അബ്ദുൽ ആസിഫ്.ഒ.എം, ഓഫീസ് അറ്റൻഡന്റ് (ഹ.ഗ്രേ)-ന് പരാമർശം (2) പ്രകാരം താൽക്കാലികമായി ക്ലറിക്കൽ അസിസ്റ്റന്റ് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു.

പരാമർശം (3) മുൻഗണനാക്രമപ്പട്ടിക പ്രകാരം അടുത്ത ഊഴക്കാരനായ ശ്രീ.ജയകുമാർ.പി.കെ, ഓഫീസ് അറ്റൻഡന്റ്(ഹ.ഗ്രേ) , ക്ലറിക്കൽ അസിസ്റ്റൻറ് സ്ഥാനക്കയറ്റത്തിന് അവശ്യ യോഗ്യതയായ എസ്.എസ്.എൽ.സി/ തുല്യതാ പരീക്ഷ പാസായിട്ടുള്ളതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തുകയും ടി വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ പരിഗണിച്ച് ശ്രീ ജയകുമാർ.പി .കെ, ഓഫീസ് അറ്റൻഡന്റ് (ഹ.ഗ്രേ.)ന്, ബഹു കേരള ഹൈ കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷൻ WP(C) 16692/18(ജെ ) യുടെ അന്തിമ വിധിക്കു വിധേയമായി, 01.01.2020 പ്രാബല്യത്തിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് ₹18000-41500 ശമ്പള നിരക്കിൽ താത്കാലികമായി സ്ഥാനക്കയറ്റം അനുവദിച്ചും താഴെപറയുന്ന തസ്തിക ക്രമപ്പെടുത്തൽ, സ്ഥലം മാറ്റം, നിയമനം എന്നിവ ഉടൻ പ്രാബല്യത്തിൽ അനുവദിച്ചും വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം | പേര് | സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നത്/ സ്ഥാനക്കയറ്റം/ സ്ഥലം മാറ്റം | സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്ന ഒഴിവ്/തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്ന സെക്ഷൻ |
|---|---|---|---|---|
| 1 | ശ്രീ.അബ്ദുൾ ആസിഫ്. ഒ.എം, ക്ലറിക്കൽ അസിസ്റ്റന്റ്, എക്സാം തപാൽ 2 | സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നത് | ശ്രീ.മോഹനകുമാർ.കെ.ആർ, ക്ലറിക്കൽ അസിസ്റ്റന്റ് 31.12.2019-ൽ വിരമിക്കുന്നതിനെ തുടർന്ന് 01.01.2020 പൂർവാഹ്നം പ്രാബല്യത്തിൽ വരുന്ന ഒഴിവ് | ജനറൽ ക്യാഷ് 5 |
| 2 | ശ്രീ.ജയകുമാർ.പി.കെ, ഓഫീസ് അറ്റൻഡന്റ്-HG (ഇൻഫർമേഷൻ സെന്റർ-വൈക്കം) | ക്ലറിക്കൽ അസിസ്റ്റന്റ് സ്ഥാനക്കയറ്റം | ശ്രീ.റിയാസ് കെ.എസ്, ക്ലറിക്കൽ അസിസ്റ്റന്റ് 01.01.2020 മുതൽ 31.01.2020 വരെ അവധിയിൽ തുടരുന്നത് മൂലമുള്ള ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക ഒഴിവ് | എ.സി .എ.2 |

| | | | | |
|---|---|---|---|---|
| 3 | ശ്രീമതി പദ്മജം പി, ക്ലറിക്കൽ അസിസ്റ്റന്റ്, (ജനറൽ ക്യാഷ് 5) | സ്ഥലം മാറ്റം | അബ്ദുൾ ആസിഫ് ഒ.എം, ക്ലറിക്കൽ അസിസ്റ്റന്റിനെ സ്ഥലം മാറ്റിയ ഒഴിവ് | എക്സാം തപാൽ 2 |
| 4 | ശ്രീമതി നബീസ എസ്, ക്ലറിക്കൽ അസിസ്റ്റന്റ് (എ.സി .എ.2) | സ്ഥലം മാറ്റം | --------- | എക്സാം ഡസ്പാച്ച് 2 |

ചുമതല വ്യത്യാസമുള്ള തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച വ്യക്തിക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ. പരാമർശം (4) പ്രകാരം ടിയാൾ ജോലിക്ക് ചേരുന്ന ദിവസം മുതൽ 2 വർഷക്കാലയളവിനുള്ളിലെ ഒരു വർഷം നിരീക്ഷണ കാലാവധിയായിരിക്കും.

മേൽ ജീവനക്കാർ ബന്ധപ്പെട്ട ഓഫീസർ മുൻപാകെ ആകസ്മികാവധി വിവരങ്ങൾ സഹിതം ജോലിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട ഓഫീസർമാർ ടിയാളുകളുടെ പ്രവേശന റിപ്പോർട്ട് എ.ഡി.സി./ എ.ഡി.എ.3 വിഭാഗങ്ങളിൽ താമസംവിനാ എത്തിക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരൻ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ശമ്പള നിർണയത്തിനുള്ള സമർപ്പണം ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം എ. ഡി.എ.3 സെക്ഷനിൽ നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർ/ ബന്ധപ്പെട്ട സെക്ഷനുകൾ
2. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/ എഫ്.ഒ/ സി.ഇ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
4. എ.ആർ/ ഡി.ആർ/ ജെ.ആർ (ഭരണം/ ധനകാര്യം/ പരീക്ഷ)
5. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി, എം.ജി.യു
6. പരീക്ഷാ കൺട്രോളറുടെ കാര്യാലയം / എക്സാം തപാൽ 2
7. എ.ഡി.സി 1,2,3 / ഐ.ക്യു.എ.സി./ സി.എം.എസ്.
8. ഫിനാൻസ് I,IV /ഓഡിറ്റ് V /എഫ്.സി.സി./CITAD
9. റിക്കാർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #13 of File 2185/AD A3/1/2019/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 01-Jan-2020 03:02 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം